**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി - അധിക മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(എം.എസ്)നമ്പർ. 40/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 03-03-2010

പരാമർശം:
1. സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009
2. സ.ഉ.(എം.എസ്)നം.214/2009/തസ്വഭവ; തീയതി 16.11.2009
3 സർക്കുലർ നമ്പർ 78518/ഡി.ബി1/2009/തസ്വഭവ തീയതി 28.12.2009
4. സ.ഉ.(സാധാ)നം.47/2010/തസ്വഭവ; തീയതി 05.01.2010
4. സ.ഉ.(സാധാ)നം.267/2010/തസ്വഭവ; തീയതി 23.01.2010
5. സഹകരണസംഘം രജിസ്ട്രാറുടെ 29.01.2010-ലെ ഡി.ബി (1) 37031/09 നമ്പർ സർക്കുലർ.
6. സ.ഉ.(സാധാ)നം.511/2010/തസ്വഭവ; തീയതി.17.02.2010
7. സ.ഉ.(സാധാ)നം.549/2010/തസ്വഭവ; തീയതി.19.02.2010
8. സ.ഉ.(സാധാ)നം.637/2010/തസ്വഭവ; തീയതി 25.02.2010

## ഉത്തരവ്

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സർക്കാർ ചുവടെ വിവിരിക്കുന്ന അധിക മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുവാൻ തദ്ദേശഭരണ സ്ഥാപന പ്രവർത്തന പരിധിയിലുള്ള പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ നിന്നും വായ്പ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പ്രാഥമിക സഹകരണ ബാങ്കിൽ നിന്നോ ജില്ലാ/സംസ്ഥാന സഹകരണ ബാങ്കിൽ നിന്നോ വായ്പയെടുക്കാവുന്നതാണ്.

3. പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർബൻ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടു ക്കാവുന്നതാണ്.

4. ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ആവശ്യമുള്ള മുഴുവൻ തുകയും ഒരു സഹകരണ സംഘത്തിൽ/ബാങ്കിൽ നിന്ന് വായ്പയായി ലഭിക്കുന്നില്ലെങ്കിൽ ഒന്നിൽ കൂടുതൽ സംഘത്തിൽ/ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാവുന്നതാണ്.

5. പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ നിന്നോ ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നോ അർബൻ സഹകരണ ബാങ്കുകളിൽ നിന്നോ തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പയുടെ പലിശ നിരക്ക് 10 ശതമാനമായിരിക്കും

6. തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പയുടെ പലിശ ഓരോ വർഷവും 4 തവണകളായി സർക്കാർ ബന്ധപ്പെട്ട ബാങ്കിന് അനുവദിച്ചു നൽകുന്നതാണ്.

7. സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്ന അവസരത്തിൽ വായ്പയെടുക്കുന്ന സഹകരണ സ്ഥാപനത്തെ സംബന്ധിക്കുന്ന വിവരങ്ങളും വായ്പാ തുകയെ സംബന്ധിക്കുന്ന വിവരങ്ങളും അടങ്ങിയ റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം സഹകരണസംഘം ജോയിന്റ് രജിസ്ട്രാർക്ക് (ജനറൽ) സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, സഹകരണ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 രജിസ്ട്രാർ, സഹകരണസംഘം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
22 എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
23 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
29 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
32 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
33 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
34 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്